खण्ड रजिस्ट्री सं० डि०. एल्ल. 33004/94 REGISTERED No. DL-33004/94

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്


| | | | | | |
|---|---|---|---|---|---|
| सं० 13 | नई दिल्ली | मंगलवार | 21, मई 2013/ | 31, वैशख, 1935 (शक) | खण्ड 1 |
| No. 13 | NEW DELHI | Tuesday | 21, May 2013/ | 31, Vaishaka, 1935 (Saka) | Vol. I |
| നമ്പർ 13 | ന്യൂഡൽഹി | ചൊവ്വ | 21, മേയ് 2013/ | 31, വൈശാഖം, 1935 (ശക) | വാല്യം 1 |


## MINISTRY OF LAW AND JUSTICE

**(Legislative Department)**

*New Delhi, 20th April, 2013/30th Chaithra, 1935 (Saka).*

The translation in Malayalam of the Right of Children to Free and Compulsory Education Act, 2009 (35 of 2009) is hereby published under the authority of the President and shall be deemed to be the Authoritative Text of this Act, in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (2009-ലെ 35)-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

P. K. MALHOTRA,
*Secretary to the Government of India.*

GCPT. 3/2313/2013/DTP.

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009

**(2009-ലെ 35-ാം നമ്പർ ആക്റ്റ്)**

[2009 ആഗസ്റ്റ്, 26]

ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം-I

## പ്രാരംഭികം

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും*

1. (1) ഈ ആക്റ്റിന് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

[1][(4) ഭരണഘടനയിലെ 29-ഉം 30-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് അവകാശങ്ങൾ നൽകുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(5) ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മദ്രസകൾ, വേദിക് പാഠശാലകൾ, പ്രാഥമികമായി മതബോധനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബാധകമാകുന്നതല്ല.]

*നിർവ്വചനങ്ങൾ*

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിത സർക്കാർ" എന്നാൽ,—

(i) കേന്ദ്രസർക്കാരിനാലോ ഒരു നിയമനിർമ്മാണ മണ്ഡലമില്ലാത്ത യൂണിയൻപ്രദേശത്തെ അഡ്മിനിസ്ട്രേറ്ററാലോ സ്ഥാപിച്ചതോ അവയുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഒരു സ്കൂളിനെ സംബന്ധിച്ച്, കേന്ദ്രസർക്കാർ എന്നും;

(ii) (i) -ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന സ്കൂൾ അല്ലാത്ത ഒരു സ്കൂളിനെ സംബന്ധിച്ച് അത് സ്ഥാപിക്കപ്പെട്ട ഭൂപ്രദേശം—

(ക) ഒരു സംസ്ഥാനത്തിനുള്ളിലാണെങ്കിൽ, സംസ്ഥാന സർക്കാർ എന്നും;

(ഖ) നിയമനിർമ്മാണമണ്ഡലമുള്ള ഒരു യൂണിയൻ പ്രദേശത്തിനുള്ളിലാണെങ്കിൽ ആ യൂണിയൻ പ്രദേശത്തെ സർക്കാർ എന്നും,

അർത്ഥമാകുന്നു;

---

[1] സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ് 2012 (2012-ലെ 30)-ന്റെ 2-ാം വകുപ്പ് പ്രകാരം ചേർത്തത്.